MEDIA CONSULTANTS

# KERALAKAUMUDI

## Malabar’s first Lifecare centre opens at Vadakara

Date: **02-03-2013** | Edition: **ALL KER** | Page No: **4** | Clip size (cm) - W: **8** H: **8.5**

---

# മലബാറിലെ ആദ്യ ലൈഫ്കെയർ കേന്ദ്രം വടകരയിൽ

കോഴിക്കോട്: കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ എച്ച്. എൽ. എൽ ലൈഫ്കെയർ ലിമിറ്റഡിന്റേയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ ലൈഫ്കെയർ സെന്ററിന്റെ കേരളത്തിലെ നാലാമത്തെ കേന്ദ്രം വടകര ജില്ലാ ആശുപത്രിയിൽ പ്രവർത്തനമാരംഭിക്കുന്നു. ലൈഫ്കെയർ സെന്ററിന്റെ മലബാറിലെ ആദ്യ സംരംഭത്തിന്റെ ഉദ്ഘാടനം ഇന്ന് രാവിലെ 9.30 ന് കേന്ദ്ര ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ നിർവ്വഹിക്കും. ശസ്ത്രക്രിയ ഉപകരണങ്ങൾ, സർജിക്കൽ ഇംപ്ലാന്റ്സ്, കണ്ണടകൾ, ലെൻസുകൾ, ഫ്രെയിമുകൾ, അനുബന്ധ മരുന്നുകൾ എന്നിവ ന്യായമായ വിലയ്ക്ക് ഉന്നത ഗുണനിലവാരത്തിൽ ഒരു കുടക്കീഴിൽ ലഭ്യമാക്കുന്ന സ്ഥാപനമാണ് ലൈഫ്കെയർ കേന്ദ്രങ്ങൾ. പത്തു മുതൽ 60 ശതമാനം വരെ വിലക്കുറവിലാണ് ഈ ഉൽപ്പന്നങ്ങൾ ലൈഫ്കെയർ സെന്ററിൽ ലഭ്യമാക്കുന്നത്. അപകടങ്ങളിൽ തുടയെല്ലിലുണ്ടാകുന്ന ഒടിവിന് നടത്തുന്ന സർജറിക്ക് ഉപയോഗിക്കുന്ന ഇന്റർലോക്കിങ് സെറ്റിന് വിപണി വില 7,000 രൂപയാണ്. എന്നാൽ ലൈഫ്കെയർ സെന്ററിലെ ഇതിന്റെ വില 2,200 രൂപ മാത്രമാണ്. അതുപോലെ തന്നെ, ബൈപ്പോളാർ സർജറിക്കും മറ്റുമുപയോഗിക്കുന്ന എഎംപി ഇംപ്ലാന്റിന്റെ വിപണിവില 4,000 രൂപയായിരിക്കുമ്പോൾ ലൈഫ്കെയർ സെന്റർ ഇത് 1,700 രൂപയ്ക്ക് ലഭ്യമാക്കുന്നു. ചികിത്സക്കെത്തുന്ന നിർധനരായ രോഗികൾക്ക് സഹായകമാകുമെന്നതിനു പുറമെ ആർ എസ് ബി വൈ കാർഡുള്ളവർക്ക് പണരഹിത സേവനവും സെന്റർ ലഭ്യമാക്കുന്നുണ്ട്. മലബാറിൽ ആരംഭിക്കുന്ന ആദ്യ ലൈഫ്കെയർ സെന്ററാണ് വടകര ജില്ലാ ആശുപത്രിയിലേത്.